MATHRUBHUMI - 15-07-2018

# കടലിന്റെ അടിത്തട്ടിലെ സമ്പത്ത് ഉപയോഗപ്പെടുത്തണം- മേഴ്സിക്കുട്ടിയമ്മ

കൊച്ചി: കടലിലെ ഉപരിതല സമ്പത്തിനൊപ്പം അടിത്തട്ടിലെ സമ്പത്തിനെയും പരമാവധി ഉപയോഗപ്പെടുത്താൻ ഫിഷറീസ് മേഖല വളരേണ്ടിയിരിക്കുന്നുവെന്ന് ഫിഷറീസ് വകുപ്പുമന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ.

പനങ്ങാട് ഫിഷറീസ് കോളേജിലെ പൂർവ വിദ്യാർഥികളുടെ സംഘടനയായ 'കോഫ്പാ'യുടെ കൺവെൻഷൻ 'ഷോറം-2018' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഫിഷറീസ് മേഖലയിലെ സാധ്യതകളെ പൂർണമായും ഉപയോഗപ്പെടുത്തുന്നതിന് നമുക്കിനിയും സാധിച്ചിട്ടില്ല.

ഇതിനായി നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കണം. സംസ്ഥാനത്തിന്റെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കോഫ്പാ സംരംഭകരുമായി സഹകരിക്കാൻ സർക്കാരിന് താത്പര്യമുണ്ടെന്നും മന്ത്രി പറഞ്ഞു.

മീനിലെ രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിനുള്ള 'ഡിറ്റക്ഷൻ കിറ്റ്' നിർമിച്ച ഡോ. എസ്.കെ. ലാലി, ഡോ. ഇ.ആർ. പ്രിയ എന്നീ സി.ഐ.എഫ്.ടി. ശാസ്ത്രജ്ഞരെ മന്ത്രി അനുമോദിച്ചു.



മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തുന്നതിനുള്ള 'ഡിറ്റക്ഷൻ കിറ്റ്' നിർമിച്ച സി.ഐ.എഫ്.ടി ശാസ്ത്രജ്ഞരായ ഡോ. ലാലി എസ്.കെ., ഡോ. പ്രിയ ഇ.ആർ. എന്നിവർ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയ്ക്കൊപ്പം

പ്രൊഫ. ഡോ. എ. രാമചന്ദ്രൻ (വൈസ് ചാൻസലർ, കുഫോസ്), ഡോ. എ. ഗോപാലകൃഷ്ണൻ (ഡയറക്ടർ, ഐ.സി.എ.ആർ.സി.എം.എഫ്.ആർ.ഐ.), ഡോ. സി.എൻ. രവിശങ്കർ (ഡയറക്ടർ, ഐ.സി.എ.ആർ.സി.ഐ.എഫ്.ടി.), എച്ച്. ബേസിൽ ലാൽ (ഗവേണിങ് കൗൺസിൽ മെമ്പർ, കുഫോസ്) തുടങ്ങിയവർ പങ്കെടുത്തു.

ഫിഷറീസ് ബിരുദ പഠനത്തിനു ശേഷം ഫിഷറീസ് മേഖലയിൽത്തന്നെ സ്വയം സംരംഭങ്ങൾ തുടങ്ങി വിജയിച്ച കെ.എം. ഹംസ (മാർവൽ അക്വാ സിസ്റ്റംസ്),

പി. ശ്യാംലാൽ (വാട്ടർ ഹൈഫ ഹാച്ചറീസ്), വി. ദേവരാജൻ, സി. രാജീസൻ, എം.എസ്. ബീന (ക്യൂൻസ് ഹാച്ചറി), സി.എം. മാത്യു (ഷീറിപ് ഫാമിങ്), ദിലീപ് സത്യനാഥൻ ( പി.ടി. ഇൻഡോനുസാ യുധാ പെർവിറ്റാ),

ഡോ. പി.എ. ജോസ്കുട്ടി (ജെ.ജെ. ഗ്രൂപ്പ്), കെ.ആർ. പുഷ്പാംഗദൻ (ട്രാവൻകൂർ അക്വാ പെറ്റ്സ്), ഡോ. കെ. ജോഷി (ജെ.ജെ. ഗ്രൂപ്പ്),

ടി. സാജു (ഫ്രെഷ് പേർച്ച് ഉഗാണ്ട ലിമിറ്റഡ്), മനോജ് ശ്രീകാന്തകുരുക്കൾ (ഇഫ്രാ ഗ്രൂപ്പ് ആൻഡ് അമല ഹെൽത്ത് കെയർ) എന്നിവരെ മന്ത്രി 'കോഫ്പാ എക്സലൻസ്' പുരസ്കാരം നൽകി ആദരിച്ചു.